






### ഇറാൻ രാസായുധം പ്രയോഗിച്ചേക്കുമെന്ന്

# ഇസ്രായേലിൽ കനത്ത ജാഗ്രത

## രാജ്യത്തെങ്ങും ഗ്യാസ്മാസ്ക് വിതരണം ചെയ്തു

**ജിബി വർഗീസ് മീനടം**

കാലിഫോർണിയ: ഇറാനും ഹിസ്ബുള്ള തീവ്രവാദികളും ചേർന്ന് ആണവ രാസായുധങ്ങള് ഉപയോഗിച്ച് ഇസ്രായേലിനെതിരെ ആക്രമണം നടത്താന് പദ്ധതിയിടുന്നതായി റിപ്പോർട്ട്. അമേരിക്കയുടെ സർവസൈന്യാധിപനായിരുന്ന റിട്ട. മേജര് ജനറല് പോള്. ഇ വാലിയാണ് ഇറാന് ലെബനനിലെ ഹിസ്ബുള്ള തീവ്രവാദികളെ മുന്നില് നിർത്തി ഇസ്രായേലിനുമേല് ആണവ രാസായുധങ്ങള് പ്രയോഗിച്ച് ആക്രമണത്തിന് തയ്യാറെടുക്കുന്നുവെന്ന രഹസ്യാന്വേഷണ റിപ്പോർട്ട് തെളിവുകള് സഹിതം പുറത്തുവിട്ടത്. 2010 വേനൽക്കാലത്തുതന്നെ ആക്രമണം നടത്തിയേക്കുമെന്നും റിപ്പോർട്ടിലുണ്ട്.

ലെബനന് തലസ്ഥാനമായ ബെയ്റൂട്ടില് നാളുകൾക്ക് മുൻപ് രാസായുധങ്ങള് വഹിച്ചുകൊണ്ടുള്ള ഒരു അന്തർവാഹിനി കപ്പല് എത്തിയിരുന്നതായും അതില് നിന്ന് വന് ആയുധശേഖരം കരയിലെ ഹിസ്ബുള്ള രഹസ്യകേന്ദ്രത്തിലേക്ക് മാറ്റിയതായും ഇസ്രായേലിന്േറത് അടക്കമുള്ള അന്താരാഷ്ട്ര രഹസ്യാന്വേഷണ ഏജൻസികള് കണ്ടെത്തിയിരുന്നു. ഇറാന്, സിറിയ തുടങ്ങിയ രാജ്യങ്ങളുടെ ചെലവില് റഷ്യയാണ് ഹിസ്ബുള്ളയ്ക്ക് ഈ ആയുധശേഖരം കൈമാറിയതത്രെ.

ഹിസ്ബുള്ളയ്ക്ക് വന് രാസായുധ ശേഖരം ലഭിച്ചുവെന്ന റിപ്പോർട്ടുകളെ തുടർന്ന് ഇസ്രായേല് തങ്ങളുടെ 7.5 മില്യണോളം വരുന്ന മുഴുവന് പൌരൻമാർക്കും ഗ്യാസ് മാസ്ക്ക് വിതരണം ചെയ്തിരുന്നു. ലബനീസ് തീവ്രവാദികള് രാസായുധം പ്രയോഗിച്ച്

അപ്രതീക്ഷിത ആക്രമണം നടത്തിയാലുണ്ടാവുന്ന വിഷപ്പുക ശ്വസിക്കുന്നതില് നിന്ന് തങ്ങളുടെ പൌരൻമാരെ സംരക്ഷിക്കാനായാണ് ഇസ്രായേല് തിടുക്കത്തില് ഗ്യാസ് മാസ്ക്ക് വിതരണം നടത്തിയത്.

ഇസ്രായേലിലേക്ക് നുഴഞ്ഞുകയറി ആക്രമണം നടത്താന് ഹിസ്ബുള്ള ലബനോനില് നിന്ന് ഇസ്രായേല് അതിർത്തിക്കപ്പുറത്തേക്ക് രഹസ്യതുരങ്കങ്ങള് നിർമ്മിച്ചിട്ടുള്ളതായും ഈ തുരങ്കങ്ങളിലൂടെ നുഴഞ്ഞ് കയറാന് ആയിരകണക്കിന് കുട്ടിതീവ്രവാദികൾക്ക് ലബനോനില് പരീശീലനം നല്കുന്നുണ്ടെന്നും റിട്ട. മേജര് ജനറല് പോള് ഇ വാലി ചൂണ്ടികാട്ടി. നേരിട്ട് ഇസ്രായേലിലേക്ക് നുഴഞ്ഞുകയറാന് സാധ്യമല്ലാത്തതിനാല് തുരങ്കങ്ങളിലൂടെ കുട്ടി തീവ്രവാദികളെ രഹസ്യമായി ഇസ്രായേല് മണ്ണിലെത്തിച്ച് വിവിധയിടങ്ങളില് ഒരേസമയം ആക്രമണം നടത്തി ഇസ്രായേലിനെ ആഭ്യന്തരമായി അസ്ഥിരപ്പെടുത്താനാണ് ഹിസ്ബുള്ള ഇറാനുമായി ചേർന്ന് പദ്ധതിയിടുന്നത്. ഒപ്പം മറുവശത്ത് പലസ്തീന് തീവ്രവാദികളുടെയും ഹമാസിന്റെയും സഹായം കൂടി ഇസ്രായേലിനെതിരെ തങ്ങൾക്ക് ലഭിക്കുമെന്നും ഹിസ്ബുള്ളയ്ക്ക് ഉറപ്പുണ്ട്.

ഇസ്രായേലിനെതിരെ നാലുവശത്തും നിന്നും രാജ്യത്തിനുള്ളില് നിന്നും ഒരേ സമയം ആക്രമണം നടത്തി അവരെ ഭൂമുഖത്തുനിന്നും ഇല്ലാതാക്കാമെന്നാണ് ഇറാന്റെ ഉദ്ദേശം.
അന്താരാഷ്ട്രതലത്തില് വിവിധ ആരോപണങ്ങള് നേരിടുന്നതിനൊപ്പം രഹസ്യന്വേഷണ ഏജൻസികളുടെ സ്ഥിരം നോട്ടപ്പുള്ളികളുമായ ഇറാന് നേരിട്ടൊരു ആക്രമണത്തിന് മുതിരാതെ പകരം ഹിസ്ബുള്ള തീവ്രവാദികളെ ഉപയോഗിച്ച് ആക്രമണം തുടങ്ങിയതിനുശേഷം ഇസ്രായേല് ലെബനോനിലേക്ക് പ്രത്യാക്രമണം നടത്താനാരംഭിക്കുമ്പോള് അറബ് ജനങ്ങളുടെ സംരക്ഷകനായി രംഗത്തുവന്ന് നേരിട്ട് യുദ്ധം നടത്താനാണ് ഇറാന്റെ നിഗൂഢപദ്ധതിയെന്നും റിട്ട മേജര് ജനറല് പോള് വെളിപ്പെടുത്തി.

അറബ് ജനതയ്ക്കെതിരെയുള്ള ആക്രമണമായി ഇതിനെ ചിത്രീകരിച്ച് മധ്യപൂർവദേശത്തെ മുഴുവന് അറബ് രാജ്യങ്ങളെയും കൂട്ടിയിണക്കി തങ്ങളുടെ ഒപ്പം നിർത്തി ഒരു ഇസ്രായേല് അറബ് യുദ്ധത്തിനാണ് ഇറാന്റെ പുറപ്പാട് . ഇറാന്റെ പക്കല് ഇപ്പോള് തന്നെ വന് രാസആണവായുധ ശേഖരം നിലവിലുണ്ടെന്നും അത് ഷഹാബ് 3 എന്ന ഹസ്വദൂര മിസൈലിലുമായി സംയോജിപ്പിക്കുന്ന സാങ്കേതികവിദ്യ നടപ്പാക്കേണ്ട കാലതാമസം മാത്രമേയുള്ളുവെന്നും റിപ്പോർട്ടില് വിവരിക്കുന്നു. ഈ പ്രക്രിയ പൂർത്തിയായാല് ഉടന് ഇസ്രായേലിനെതിരെ ഏതാക്രമണത്തിനും ഇറാന് തയ്യാറാകുമെന്നാണ് രഹസ്യവിവരം.

ഹിസ്ബുള് ഇറാന് ആക്രമണ പദ്ധതി സംബന്ധിച്ചുള്ള അമേരിക്കന് മുന് സൈന്യാധിപന്റെ വെളിപ്പെടുത്തകളെ കുറിച്ച് ഇസ്രായേല് ഇതുവരെ പ്രതികരിച്ചിട്ടില്ല. എന്നാല് ഇങ്ങോട്ടാക്രമിച്ചാല് ശക്തമായ തിരിച്ചടിയുണ്ടാകുമെന്ന് ഇസ്രായേല് നേരത്തെ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്.